**പതിനാലാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2667** **18.06.2018-ൽ മറുപടിക്ക്**

**<u>തൊടുപുഴ-മാരിയൻ കടവ് പാലത്തിന്റെ അപ്രോച്ച് റോഡ്</u>**

| **<u>ചോദ്യം</u>**<br>**ശ്രീ.പി.ജെ.ജോസഫ്** | **<u>മറുപടി</u>**<br>**ശ്രീ.ജി.സുധാകരൻ**<br>**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
|---|---|
| (എ) തൊടുപുഴ-മാരിയൻ കടവ് പാലത്തിന്റെ അപ്രോച്ച് റോഡിന് ഭൂമി ഏറ്റെടുക്കൽ നടപടിക്രമങ്ങൾ നീണ്ടുപോകുന്നത് പരിഹരിയ്ക്കുന്നതിനായി ആയത് പൂർത്തീകരിക്കാൻ സമയക്രമം നിശ്ചയിക്കാൻ നടപടി സ്വീകരിക്കുമോ; | (എ) ഭൂമി ഏറ്റെടുക്കുന്നതിന് പ്രാരംഭ ചിലവുകൾക്കായിട്ടുള്ള പ്രൊപ്പോസൽ CE/R&B/FRI/3110/2018 തീയതി 25/04/2018 പ്രകാരം സർക്കാരിന് ലഭ്യമായിട്ടുണ്ട്. ഇതിന്മേൽ വിശദമായ പരിശോധനകൾക്കു ശേഷം മാത്രമേ LOC പ്രൊപ്പോസലിന് അനുമതി നൽകി തുക അനുവദിക്കുവാൻ സാധിക്കുകയുള്ളൂ. ടി തുക അനുവദിച്ചുകിട്ടി ലാന്റ് അക്വിസിഷൻ തഹസീൽദാർക്ക് കൈമാറിയാലുടൻ അക്വിസിഷൻ നടപടികൾ ആരംഭിക്കുമെന്ന് ലാന്റ് അക്വിസിഷൻ തഹസീൽദാർ അറിയിച്ചിട്ടുണ്ട്. |
| (ബി) തൊടുപുഴ-മാരിയൻ കടവ് പാലത്തിന്റെ അപ്രോച്ച് റോഡിന്റെ സൊലേഷ്യം അടയ്ക്കുന്നതിനുള്ള നടപടിക്രമം ഏത് ഘട്ടം വരെയായി എന്നറിയിക്കാമോ; | (ബി) ഭൂമി ഏറ്റെടുക്കുന്നതിന് പ്രാരംഭ ചിലവുകൾക്കായിട്ടുള്ള Contingency തുക അനുവദിച്ച് അക്വിസിഷൻ നടപടികൾ പൂർത്തിയാക്കിയശേഷം റവന്യൂ വകുപ്പാണ് നഷ്ടപരിഹാരത്തുക നിശ്ചയിക്കുന്നത്. ഈ നഷ്ടപരിഹാരത്തുക റവന്യൂ അധികാരികൾ അറിയിക്കുന്ന മുറയ്ക്ക് സർക്കാർ അനുവദിച്ചുനൽകുകയാണ് പതിവ്. സൊലേഷ്യം എന്നത് നഷ്ടപരിഹാരത്തുകയുടെ ഒരു ഘടകമാണ്. |
| (സി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം എത്ര കേസ്സുകളിൽ സൊലേഷ്യം അടയ്ക്കുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയായിട്ടുണ്ടെന്ന് അറിയിക്കാമോ? | (സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 323 കേസുകളിൽ നഷ്ടപരിഹാരത്തുക അടക്കുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കിയിട്ടുണ്ട്. |

S. Bindu
സെക്ഷൻ ഓഫീസർ